**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2045 10.10.2011 ൽ മറുപടിക്ക്.**

**കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ഡോ. എൻ. ജയരാജ്** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| **എ)** | **എ)** |
| കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രി യിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; | കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ 4 ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. |
| **ബി)** | **ബി)** |
| ഈ ഒഴിവുകൾ ഏതൊക്കെ വിഭാഗത്തിലാണ് ഉള്ളത്; | ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി -1, ജൂനിയർ കൺസൾട്ടന്റ് സർജറി -1, കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ -2. |
| **സി)** | **സി)** |
| ഡോക്ടർമാരുടെ തസ്തികയിലെ ഒഴിവുകൾ നികത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി. നിയമന നിർദ്ദേശം വരുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേനയും, സർവീസിലുള്ള അസിസ്റ്റന്റ് സർജൻമാരിൽ പി.ജി. വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റായി നിയമിക്കാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**